(സി) ഇല്ലെങ്കിൽ അത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) 1991-93-ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്ഷൻ ഓഫീസറും രണ്ട് ലീഗൽ അസിസ്റ്റന്റുമാരും അടങ്ങുന്നതാണ് മോണിറ്ററിംഗ് സെൽ. വകുപ്പ് അദ്ധ്യക്ഷന്മാരുടെയും ജില്ലാ കളക്ടർമാരുടെയും ആഫീസുകളിൽനിന്നും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങളുടെ പൂർണ്ണരൂപത്തിലുള്ള ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് സെല്ലിലെ ഉദ്യോഗസ്ഥർ ഓഫീസുകൾ സന്ദർശിക്കുകയും ഫയലുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. ലിസ്റ്റ് തരാത്ത വകുപ്പുകളിൽ നിന്നും അവ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഹൈക്കോടതിയിൽ അടിയന്തിരമായി തീർപ്പാക്കേണ്ട വ്യവഹാരങ്ങളുടെ പട്ടിക വിവിധ വകുപ്പുകളിൽനിന്നും ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ആവശ്യപ്പെട്ട് അവ അഡീഷണൽ അഡ്വ. ജനറലിന് നൽകിവരുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

**22 (*302) മെഡിക്കൽ കോളേജുകളെ ഇന്റർനെറ്റിലൂടെ ബന്ധപ്പെടുത്താനുള്ള നടപടി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിച്ച് രോഗികളിൽ സ്വീകരിക്കേണ്ട ചികിത്സാ തന്ത്രങ്ങൾ ഡോക്ടർമാർക്ക് പരസ്പരം ആവിഷ്കരിക്കുവാനുതകുന്ന തരത്തിലുള്ള ആശയ വിനിമയ സൗകര്യം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ താക്കോൽ സുഷിര സർജറി സൗകര്യമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) 1999-2000-ത്തിലേക്കുള്ള ബഡ്ജറ്റിൽ വിവിധ മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളിൽ ഇന്റർനെറ്റ് സംവിധാനം ആരംഭിക്കുവാൻ 25 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ താക്കോൽ സുഷിര സർജറി സൗകര്യം ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly